STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.537/PR/SPMC/PHQ/2026 Date: 07.11.2026

പത്രക്കുറിപ്പ്

മദ്യപിച്ച് വാഹനമോടിച്ച 23040 പേർക്കെതിരെ കേസെടുത്തു

സംസ്ഥാനത്ത് മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിന് കേരള പൊലീസ് നടത്തിയ പ്രത്യേക പരിശോധനയിൽ 23040 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. ഒക്ടോബർ 13 രാവിലെ 7 മണിമുതൽ നവംബർ 7 രാവിലെ 7 മണിവരെയുള്ള കാലയളവിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായാണ് ഇത്രയും അറസ്റ്റ് നടന്നത്.

ക്രമസമാധാന പരിപാലന വിഭാഗം എ.ഡി.ജി.പി പി.വിജയന്റെ നിർദ്ദേശപ്രകാരം സോൺ ഐ.ജിമാർ, റെയ്ഞ്ച് ഡി.ഐ.ജിമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുടെ മേൽനോട്ടത്തിലാണ് വിവിധ യൂണിറ്റുകളെ സംഘടിപ്പിച്ച് സ്പെഷ്യൽ ഡ്രൈവ് നടത്തിയത്. ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് എറണാകുളം റൂറലിലാണ്, 2762 കേസുകൾ. കോട്ടയത്ത് 2022 കേസുകളും തിരുവനന്തപുരം റൂറലിൽ 1661 ഉം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റവും കുറവ് കേസുകൾ രജിസ്റ്റർ ചെയ്തത് കാസറഗോഡ് ജില്ലയിലാണ്, 304 കേസുകൾ.

മദ്യപിച്ച് വാഹനമോടിക്കുന്നത് റോഡ് അപകടങ്ങൾക്കും മരണങ്ങൾക്കും പ്രധാന കാരണമാകുന്നുവെന്നും വാഹന പരിശോധന തുടർ ദിവസങ്ങളിലും ഉണ്ടാകുമെന്നും എഡിജിപി പി. വിജയൻ അറിയിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****